# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 190 10.12.2012-ൽ മറുപടിയ്ക്ക്

## സ്വകാര്യ വനവത്ക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>" എം.എ. വാഹീദ്<br>" പി.സി. വിഷ്ണുനാഥ്<br>" കെ. ശിവദാസൻ നായർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ വനവത്ക്കരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) ആഗോള താപനത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനും വനേതര പ്രദേശത്ത് വൃക്ഷാവരണത്തിന്റെ അളവ് വർദ്ധിപ്പിക്കാനും സ്വകാര്യ ഭൂമിയിൽ തടി ലഭ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ കൈവശഭൂമിയിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനും കർഷകർക്ക് കാർഷികേതര വരുമാനം ഉറപ്പാക്കുന്നതിനും മറ്റും വേണ്ടിയാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) 17.02.2012 ലെ സർക്കാർ ഉത്തരവ് നമ്പർ. (ആർ ടി) 99/12/വനം വന്യജീവി പ്രകാരം ഈ പദ്ധതിക്ക് അംഗീകാരം നൽകുകയും തുടർന്ന് 29.9.2012 ലെ സ.ഉ.നമ്പർ (ആർ ടി) 486/12/വനം വന്യജീവി വകുപ്പ് അനുസരിച്ച് പദ്ധതിക്കുള്ള മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം 1 ഉം 2 ഉം ആയി ചേർക്കുന്നു. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; | സി) കേരള സംസ്ഥാനത്തിലെ കർഷകർ, വന സംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്പമെന്റ് കമ്മിറ്റി, കുടുംബശ്രീ യൂണിറ്റ്, സ്വയം സഹായ സംഘങ്ങൾ, കർഷക സഹകരണ സംഘങ്ങൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയാണ് വനം വകുപ്പ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. |

ഡി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി വഴിനൽകുന്നത്?

ഡി) സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് വച്ചു പിടിപ്പിക്കുന്ന തൈകൾക്ക് താഴെപ്പറയുന്ന രീതിയിലാണ് ധനസഹായം നൽകുന്നത്.

1. 50 മുതൽ 200 വരെ തൈകൾക്ക് ഒന്നിന് 50 രൂപ നിരക്കിലും

2. 201 മുതൽ 400 വരെ തൈകൾക്ക് ഒന്നിന് 40 രൂപ നിരക്കിലും

3. 401 മുതൽ 625 വരെ തൈകൾക്ക് ഒന്നിന് 30 രൂപ നിരക്കിലുമാണ് നൽകുന്നത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**